**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 559** **11-07-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യാധിഷ്ഠിത വിനോദസസഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | രോഗപ്രതിരോധത്തിന് ഊന്നൽ കൊടുക്കുന്നതും ആരോഗ്യചാലകവുമായ ചികിത്സ മുതൽ പുനരധിവാസവും രോഗശാന്തിയും വരെയുള്ള മേഖലകളെ സ്പർശിക്കുന്ന ആരോഗ്യാധിഷ്ഠിത വിനോദസസഞ്ചാരം വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (എ) | ഹെൽത്ത് ടൂറിസം, വെൽനെസ് ടൂറിസം എന്നിവയുടെ പ്രധാന ഹബ്ബായി കേരളം ഇതിനോടകം മാറിക്കഴിഞ്ഞിട്ടുണ്ട്. വിദഗ്ധ ചികിത്സയ്ക്കും സുഖചികിത്സയ്ക്കുമായി വിദേശ രാജ്യങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ആളുകൾ കേരളത്തിൽ എത്തിച്ചേരാറുണ്ട്. മികച്ച ആശുപത്രികൾ, വിദഗ്ധ ചികിത്സയ്ക്കുള്ള സൗകര്യം, താരതമ്യേന ചെലവ് കുറഞ്ഞ ചികിത്സ തുടങ്ങിയവ കേരളത്തെ ഹെൽത്ത് ടൂറിസം മേഖലയായി വളർത്തി.<br><br>കേരളം രാജ്യാന്തര തലത്തിൽ തനത് ഉൽപ്പന്നമായി ആയുർവ്വേദത്തെ അവതരിപ്പിയ്ക്കുകയും ആയുർവ്വേദത്തിന് വലിയ പ്രചരണം നൽകുകയും ചെയ്തു. ആയുർവ്വേദവും ആയുർവ്വേദ കേന്ദ്രങ്ങളും സഞ്ചാരികൾ എത്തുന്ന ഇടമായി മാറി. വെൽനസ് ടൂറിസത്തിനായി പ്രത്യേക ആയുർവ്വേദ കേന്ദ്രങ്ങളും കേരളത്തിൽ സജ്ജമായി. ഹെൽത്ത് ടൂറിസവും വെൽനസ് ടൂറിസവും കേരളത്തിന് കൂടുതൽ തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്ന മേഖലയായി വളർന്നിട്ടുണ്ട്.<br><br>ആയുർവേദം, പ്രകൃതി ചികിത്സ, പഞ്ചകർമ്മ, കളരി തുടങ്ങിയ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനായി വിനോദ സഞ്ചാര വകുപ്പും ആയുഷ് വകുപ്പും ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെ ആയുർവ്വേദം പ്രചരിപ്പിക്കുന്നതിനുപുറമേ, ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന B2B Meet -കളിലും മെഡിക്കൽ ടൂറിസം ഒരു ഉത്പ്പന്നം എന്ന നിലയിൽ |

| | | | |
|---|---|---|---|
| | | | ആയുർവ്വേദത്തെ പരിചയപ്പെടുത്തുന്നുണ്ട്. കൂടാതെ ഈ സാമ്പത്തികവർഷം ആസൂത്രണം ചെയ്യുന്ന എല്ലാ പ്രധാനപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങളിലും മെഡിക്കൽ ടൂറിസം വികസനം കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ആരോഗ്യ ടൂറിസം മേഖലയിലുള്ള സവിശേഷമായ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ കേരളത്തെ ആരോഗ്യ ടൂറിസം ഹബ്ബാക്കി മാറ്റുവാൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ? | (സി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ